# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 3313 | 21-12-2012-ൽ മറുപടിക്ക്

## ഹൈറൈസ് ബിൽഡിംഗ് നിർമ്മാണം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ജെയിംസ് മാത്യു** | **ശ്രീ.മഞ്ഞളാംകുഴി അലി**<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടത്തിൽ ഹൈറൈസ് ബിൽഡിംഗ് ആണോയെന്ന് വിലയിരുത്താൻ ഭൂനിരപ്പിനടിയിലെ ബേസ് മെന്റ് കണക്കാക്കേണ്ടതില്ലെന്ന് കേരള ഹൈക്കോടതി വിധി പ്രസ്താവിച്ചിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ബേസ് മെന്റിന് ശേഷം തറനിരപ്പിൽ നിന്ന് 15 മീറ്റർ വരെയുള്ള നാല് നില കെട്ടിടങ്ങളെ, പ്രസ്തുത വിധി പ്രകാരം ഹൈറൈസ് ബിൽഡിംഗിനായി പരിഗണിക്കേണ്ടതായിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) ആവറേജ് ഗ്രൗണ്ട് ലവലിനു താഴെ മുഴുവനായി വരുന്ന ബേസ്മെന്റ് ഫ്ളോറുകൾ ചട്ടം 110 ൽ പ്രതിപാദിക്കുന്ന വിധമുള്ള നിലകളായി പരിഗണിക്കേണ്ടതില്ല എന്നും ഇപ്രകാരമുള്ള നിലകൾ ഒഴികെ 4 നിലകൾ വരെയുള്ളതും, 15 മീറ്ററിലധികരിക്കാത്ത ഉയരമുള്ളതുമായ കെട്ടിടങ്ങൾ 'ഹൈറൈസ് കെട്ടിടങ്ങൾ' എന്ന വിഭാഗത്തിൽ പെടുത്തേണ്ടതില്ല എന്നുമാണ് ബഹു. കേരള ഹൈക്കോടതിയുടെ 2011 ലെ WP(C)നം.33408 റിട്ട് പെറ്റീഷന്റെ 25-7-2012 ലെ വിധിന്യായത്തിൽ പ്രതിപാദിക്കുന്നത് |
| (സി) ഹൈക്കോടതി വിധിയെ തുടർന്ന് ഇക്കാര്യത്തിൽ ഗവൺമെന്റ് പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ; | (സി) ഇത് സംബന്ധിച്ച് ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| (ഡി) | തറ നിരപ്പിന് താഴെയുള്ള ഭാഗത്തെ ബേസ് മെന്റായും റോഡ് നിരപ്പിനു കവാടമുള്ള നിലയെ ഗ്രൗണ്ട് ഫ്ളോറായും കണക്കാക്കാമോ; വിശദമാക്കാമോ; | (ഡി) | കെട്ടിടത്തോടു ചേർന്നുള്ള ഗ്രൗണ്ടിൽ നിന്നോ സ്ട്രീറ്റിൽ നിന്നോ പ്രവേശന കവാടമുള്ള ഏറ്റവും താഴത്തെ നിലയാണ് ഗ്രൗണ്ട് ഫ്ളോർ എന്നും കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ളോറിന് താഴെയോ, അല്ലെങ്കിൽ ഭാഗികമായി താഴെയോ ഉള്ള കീഴ് നിലയാണ് ബേസ്മെന്റ് ഫ്ളോർ എന്നുമാണ് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ പ്രതിപാദിക്കുന്നത്. |

സെക്ഷൻ ഓഫീസർ